## കേരളസർവകലാശാല

## ഒന്നാം വർഷ ബിരുദ പ്രവേശനം 2020

## അഞ്ചാം അലോട്ട്മെൻറ്(3rd Supplementary) നവംബർ 13 ന്

## കോളേജ്പ്രവേശനം 16.11.2020 മുതൽ 19.11.2020 വരെ

## നിർദ്ദേശങ്ങൾ

1. വിദ്യാർത്ഥിയുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കുക. പുതിയതായി അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസ് അടച്ച് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യുക. നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്ത് ഹയർ ഓപ്ഷൻ നിലനിർത്തിയവർക്ക് പുതിയ അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ പ്രൊഫൈലിൽ നിന്നും അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. 16.11.2020 മുതൽ 19.11.2020 വരെയാണ് കോളേജിൽ പോയി അഡ്മിഷൻ എടുക്കേണ്ടത്. അഡ്മിഷൻ എടുക്കേണ്ട തീയതിയും സമയവും അലോട്ട്മെന്റ് മെമ്മോയിൽ നൽകിയിട്ടുണ്ട്. അലോട്ട്മെന്റ് ലഭിച്ചവർ മെമ്മോയിൽ പറഞ്ഞിട്ടുള്ള സമയത്തു തന്നെ ആവശ്യമായ രേഖകളുടെ ഒറിജിനൽ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. 16.11.2020 മുതൽ കോളേജിൽ അഡ്മിഷൻ തുടങ്ങുന്നതിനാൽ അതിനു മുൻപ് തന്നെ ഫീസ് അടച്ച് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാൻ ശ്രദ്ധിക്കുക. **അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിട്ടുള്ള സമയത്തു തന്നെ കോളേജിൽ ഹാജരാകാൻ ശ്രദ്ധിക്കുക.** ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിയിലോ സമയത്തോ അഡ്മിഷൻ എടുക്കാൻ സാധിക്കാത്തവർ അതാത് കോളേജിലെ പ്രിൻസിപ്പാളുമായി ബന്ധപ്പെടേണ്ടതാണ്.

2. ഹയർ ഓപ്ഷൻ നിലനിർത്തിയതിനാൽ പുതിയ അലോട്ട്മെന്റ് ലഭിച്ചവർ പുതിയതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതാണ്. അവർക്ക്, മുൻപ് എടുത്ത അഡ്മിഷനിൽ തുടരാൻ സാധിക്കുന്നതല്ല. നവംബർ 19ന് മുൻപ് പുതിയ അലോട്ട്മെന്റിൽ അഡ്മിഷൻ നേടിയില്ലെങ്കിൽ അലോട്ട്മെന്റ് ക്യാൻസൽ ആകുന്നതും അലോട്ട്മെന്റ് നടപടിയിൽ നിന്നും പുറത്താവുന്നതുമാണ് എന്ന കാര്യം ശ്രദ്ധിക്കുക.

3. താൽക്കാലിക അഡ്മിഷൻ (Temporary / Provisional Admission) സൗകര്യം ലഭ്യമല്ല. പുതിയതായി അലോട്ട്മെന്റ് ലഭിച്ചവർ കോളേജിലെ നിശ്ചിത ഫീസ് അടച്ച്നിർബന്ധമായും Permanent Admission എടുക്കേണ്ടതാണ്. എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ (including T.C.) കോളേജിൽ സമർപ്പിക്കേണ്ടതാണ്.

   Permanent അഡ്മിഷൻ എടുക്കുന്നതിന് വിദ്യാർഥി നേരിട്ട് കോളേജിൽ ഹാജരാക്കേണ്ടതാണ് എന്ന കാര്യം ശ്രദ്ധിക്കുക. പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താൻ സാധിക്കുന്നതല്ല.

4. കോവിഡുമായി ബന്ധപ്പെട്ട് ക്വാറന്റീനിലോ ചികിത്സയിലോ ഉള്ളവർ മുൻകൂട്ടി വിവരം പ്രിൻസിപ്പാളിനെ അറിയിക്കേണ്ടതാണ്. ഇങ്ങനെയുള്ളവർ അഡ്മിഷൻ എടുക്കാൻ എല്ലാ സർട്ടിഫിക്കറ്റുകളും യൂണിവേഴ്സിറ്റി ഫീസ് അടച്ച രസീതും സ്കാൻ ചെയ്ത് കോളേജിലേക്ക് അയക്കേണ്ടതാണ്. അതോടൊപ്പം ക്വാറന്റീനിലോ കോവിഡ് ചികിത്സയിലോ ആണെന്നുള്ള

മെഡിക്കൽ സർട്ടിഫിക്കറ്റും അയച്ചു കൊടുക്കണം. കോളേജിലെ നിശ്ചിത ഫീസ് പ്രിൻസിപ്പാൾ നിർദേശിക്കുന്ന വിധത്തിൽ ഓൺലൈനായി അടയ്ക്കേണ്ടതാണ്. ഇപ്രകാരം അഡ്മിഷൻ എടുക്കാം. ക്വാറന്റീൻ സമയം അവസാനിക്കുമ്പോൾ തന്നെ അവർ നേരിട്ട് ഹാജരായി ഒറിജിനൽ സർട്ടിഫിക്കറ്റുകൾ കോളേജിൽ സമർപ്പിച്ച് അഡ്മിഷൻ നടപടികൾ പൂർത്തിയാക്കണം.

5. **കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രോട്ടോകോൾ അഡ്മിഷൻ സമയത്ത് നിർബന്ധമായും പാലിക്കേണ്ടതാണ്. സാമൂഹിക അകലം പാലിക്കൽ, സാനിറ്റൈസർ ഉപയോഗം തുടങ്ങിയ കാര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. അഡ്മിഷൻ സമയം മുഴുവൻ വിദ്യാർഥികൾ മാസ്ക് ധരിക്കേണ്ടതാണ്. യാതൊരു കാരണവശാലും കൂട്ടംകൂടാൻ പാടില്ല. 1.2 മീറ്റർ അകലം നിർബന്ധമായും പാലിക്കണം. ആൾക്കൂട്ടം ഒഴിവാക്കുന്നതിനു വേണ്ടി അഡ്മിഷൻ സമയത്ത് വിദ്യാർഥിയോടൊപ്പം ഒരാളെ മാത്രമേ കോളേജിനുള്ളിൽ പ്രവേശിപ്പിക്കുകയുള്ളൂ.**